LIBRARY ARCHIVES Kerala Legislative Assembly

പ്രവേശന പരീക്ഷാ പരിഷ്ക്കാരങ്ങൾ

110 (3864) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ അടുത്ത വർഷം മുതൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കരണങ്ങൾ നിർദ്ദേശിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി, സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനങ്ങളൊന്നും ഇതുവരെ എടുത്തിട്ടില്ല.

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ പർച്ചേസ്

111 (3865) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ 2008-09 സാമ്പത്തിക വർഷത്തിനു ശേഷം എത്ര കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും വാങ്ങിയിട്ടുണ്ട് ; എന്ത് തുക ചെലവായി ;

(ബി) പ്രസ്തുത വാങ്ങലുകൾ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ടെന്റർ ക്ഷണിച്ചാണോ വാങ്ങിയത് ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പർച്ചേസിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുമതിയില്ലാതെ പർച്ചേസ് നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ 2008-09 സാമ്പത്തിക വർഷത്തിനുശേഷം 30 കമ്പ്യൂട്ടറുകളും 7 ലാപ്ടോപ്പുകളും വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർ ഹാർഡ്വെയർ, നെറ്റ്വർക്കിഗിന് 16,51,621 രൂപയും 30 കമ്പ്യൂട്ടറുകൾക്കായി 7,18,500 രൂപയും 7 ലാപ്ടോപ്പുകൾക്ക് 2,95,750 രൂപയും ചെലവായി.

(ബി) പ്രസ്തുത വാങ്ങലുകൾ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ഓപ്പൺ ടെന്റർ ക്ഷണിച്ചാണ് വാങ്ങിയത്. കമ്പ്യൂട്ടറൈസേഷനുവേണ്ടി കേരളാ ഗവൺമെന്റിന്റെ ഐ.ടി. മിഷനുമായി ആലോചിച്ച് അവരുടെ നിർദ്ദേശപ്രകാരം മ്യൂസിയത്തിലെ ഐ.ടി. സെൽ ടെന്ററുകൾ തയ്യാറാക്കി വിവിധ ദിനപ്പത്രങ്ങളിലും മ്യൂസിയം വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചു. ടെന്റർ സ്വീകരിയ്ക്കുന്ന അവസാന ദിവസമായ 18-3-2009-ൽ ടെന്ററുകൾ തുറന്ന് അന്നുവരെ ലഭിച്ച